LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ ബോണസും ഉത്സവബത്തയും

53(5208) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും നൽകാൻകഴിയാത്തതുപോലെയുള്ള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ക്ഡൗണും കാരണം ആഭ്യന്തര ഉത്പാദനത്തിനുണ്ടായ കുറവും ജി.എസ്.ടി നഷ്ടപരിഹാരം ഉൾപ്പെടെ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ കാലതാമസമുണ്ടാകുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും നൽകുന്ന വിഷയം സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാർ തീരുമാനിക്കുന്നതാണ്.

(ബി) കോവിഡ് കാലത്ത് സേവന സന്നദ്ധരായി പ്രവർത്തിച്ച ആരോഗ്യവകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും കുടുംബ പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും അനുവദിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ആഡിറ്റ് ഒബ്ജക്ഷൻ

54(5209) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നാളിതുവരെ ഐ.എച്ച്.ആർ.ഡി.-യിൽ എ.ഐ.സി.റ്റി.ഇ./ യു.ജി.സി. സ്കെയിലിൽ ജോലി ചെയ്യുന്നവരിൽ എത്ര പേരുടെ ശമ്പളവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജക്ഷൻ നിലവിലുണ്ടെന്ന് അറിയിക്കാമോ?